പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 — 11.06.2013 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി നൽകുന്ന ഗാർഹിക കണക്ഷനുകളുടെ വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഗാർഹിക കണക്ഷനാണ് കെ.എസ്.ഇ.ബി നൽകിയത് ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ 2,30,433 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) ഇനി കണക്ഷൻ കൊടുക്കുവാൻ എത്ര അപേക്ഷകൾ നിലവിലുണ്ട്; | (ബി) 30.04.2013 ലെ കണക്കനുസരിച്ച് ഗാർഹിക വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിച്ചിട്ടുള്ള 30,389 പേർക്ക് കണക്ഷൻ നൽകുവാനുണ്ട്. |
| (സി) വൈദ്യുതി മീറ്റർ വാങ്ങുന്നതിന് മറ്റ് സംസ്ഥാന സർക്കാരുകളെപോലെ കെ.എസ്.ഇ.ബ ിയും ഉപഭോക്താക്കൾക്ക് സ്വാതന്ത്ര്യം നൽകുമോ ; | (സി) 15.10.2004 ലെ ബോർഡ് ഉത്തരവ് നം.2571/2004, 22.01.2005 ലെ ബോർഡ് ഉത്തരവ് നം.246/2005 എന്നിവ പ്രകാരം എല്ലാ ഉപഭോക്താക്കൾക്കും സ്വന്തമായി മീറ്റർ വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) മീറ്ററും കണക്ഷൻ വയറും ഇല്ലാത്തതിന്റെ പേരിൽ കണക്ഷൻ ലഭ്യമല്ലാത്ത അവസ്ഥ നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹ രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(. . . . 2)

| | | | |
|---|---|---|---|
| (ഇ) | കെ. എസ്.ഇ.ബിയ്ക്ക് മീറ്ററുകൾ റിപ്പയർ ചെയ്യുന്നതിന് പ്രത്യേക യൂണിറ്റ് ഉണ്ടോ; കേടായ മീറ്ററുകൾ ഉപഭോക്താക്കളെ കൊണ്ടു തന്നെ മാറ്റി വാങ്ങുന്നതിന് കെ.എസ്.ഇ.ബി തത്വത്തിൽ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ഇല്ല. ഉപഭോക്താക്കൾ സ്വന്തമായി വാങ്ങിയിട്ടുള്ള മീറ്റർ കേടാകുന്ന സാഹചര്യത്തിൽ അവ മാറ്റി സ്ഥാപിയ്ക്കേണ്ടത് ഉപഭോക്താക്കളുടെ ചുമതല ആകുന്നു. അല്ലാതെ കേടായ മീറ്ററുകൾ ഉപഭോക്താക്കളെക്കൊണ്ട് മാറ്റി വാങ്ങുന്നതിന് കെ.എസ്.ഇ.ബി ആലോചിയ്ക്കുന്നില്ല. ഗ്യാരൻറി കാലാവധിയിൽ കേടാകുന്ന മീറ്ററുകൾ, അവ സപ്ലൈ ചെയ്ത കമ്പനികൾ തന്നെ, നിശ്ചിത കാലാവധിക്കുള്ളിൽ കേടുപാടുകൾ തീർത്ത് നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ നൽകുന്ന മീറ്ററുകൾ കെ.എസ്.ഇ.ബിയുടെ റ്റി.എം.ആർ യൂണിറ്റുകളിൽ ടെസ്റ്റ് ചെയ്ത്, ഉപയോഗപ്പെടുത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**